**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5644** | **13-08-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിവെള്ള വിതരണ മേഖലയിൽ എത്ര പുതിയ പൈപ്പ് കണക്ഷൻ നൽകിയിരുന്നുവെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിവെള്ള വിതരണ മേഖലയിൽ കേരള വാട്ടർ അതോറിറ്റി മുഖേന 13,61,314 പൈപ്പ് കണക്ഷനുകളും, ജലനിധി രണ്ടാം ഘട്ട പദ്ധതി വഴി 1.76 ലക്ഷം കുടുംബങ്ങൾക്കും പൈപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട് |
| (ബി) | ജലജീവൻ മിഷൻ പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതുവരെയായി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 24.01 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നാളിതു വരെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം, പഞ്ചായത്ത് വിഹിതം, ഉണഭോക്തൃ വിഹിതം എന്നിവ എത്ര ശതമാനം വീതമാണെന്ന് അറിയിക്കാമോ; | (സി) | ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള ജല ജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് പദ്ധതി ചെലവ് വഹിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ 50% ത്തിൽ 25 % സംസ്ഥാന സർക്കാരും, 15% തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളും, 10% ഉണഭോക്തൃ വിഹിതവുമായാണ് വഹിക്കേണ്ടത്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കുടിവെള്ള കണക്ഷൻ നൽകുന്നതിന് പരമാവധി എത്ര രൂപ ചെലവഴിക്കാനാകും; വിശദമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം നിലവിൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ള പദ്ധതികളിൽനിന്നും ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷൻ നൽകുന്നതിന് മാത്രമായി പ്രതി കണക്ഷന് 7500 രൂപയും, ഒറ്റ വില്ലേജിനുവേണ്ടി ഭൂഗർഭ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കിയുള്ളതും മറ്റ് ശുദ്ധീകരണം ആവശ്യമില്ലാത്തതുമായ പദ്ധതി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 15000 രൂപയും, ഒറ്റ വില്ലേജിനുവേണ്ടി ഭൂഗർഭ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി ജല ശുദ്ധീകരണ ഘടകങ്ങളുൾപ്പെടെ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 25000 രൂപയും, ഒന്നിൽ കൂടുതൽ വില്ലേജുകൾക്ക് വേണ്ടിയുള്ള വൻകിട കടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 47000 രൂപയുമാണ് അനുവദനീയമായ ശരാശരി ചെലവായി നിഷ്കർഷിച്ചിട്ടുള്ളത്. ഇതിനുപുറമെ ആദിവാസിമേഖലയുൾപ്പെടെയുള്ള ഒറ്റപെട്ട പ്രദേശങ്ങൾക്കുവേണ്ടി സൗരോർജം അടിസ്ഥാനമാക്കിയുള്ള ചെറുകിട പദ്ധതികൾക്കായി പ്രതിപദ്ധതി 7 ലക്ഷം രൂപയും അനുവദനീയമായ ചെലവായി കേന്ദ്ര മാർഗ്ഗ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ആകെ ഗ്രാമീണ വീടുകൾ | 01/04/2020 ൽ നിലവിൽ ഉണ്ടായിരുന്ന കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി ലഭ്യമായ കണക്ഷനുകളുടെ എണ്ണം | ജല ജീവൻ പദ്ധതിയിലെ പ്രവർത്തികളിലൂടെ നൽകിയ കണക്ഷനുകളുടെ എണ്ണം | 1/4/2020 മുതൽ നാളിതുവരെ നൽകിയ ആകെ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|---|---|
| തിരുവനന്തപുരം | 686069 | 166812 | 197788 | 59393 | 67066 |
| കൊല്ലം | 616332 | 147779 | 301347 | 42357 | 63764 |
| പത്തനംതിട്ട | 358119 | 85230 | 31306 | 24762 | 30870 |
| കോട്ടയം | 482878 | 109944 | 124845 | 34539 | 49000 |
| ഇടുക്കി | 279634 | 58191 | 50922 | 14483 | 16251 |
| ആലപ്പുഴ | 549573 | 195453 | 202222 | 80082 | 84420 |
| എറണാകുളം | 628046 | 265391 | 114348 | 48615 | 56415 |
| തൃശ്ശൂർ | 608250 | 178629 | 148115 | 28965 | 31573 |
| പാലക്കാട് | 662551 | 148887 | 370080 | 62980 | 93229 |
| മലപ്പുറം | 797512 | 143576 | 263887 | 43082 | 46070 |
| കോഴിക്കോട് | 514666 | 86272 | 140278 | 28447 | 33350 |
| വയനാട് | 191308 | 42839 | 14003 | 5954 | 6551 |
| കണ്ണൂർ | 440192 | 80423 | 136569 | 55778 | 58153 |
| കാസർഗോഡ് | 253522 | 40141 | 69091 | 14272 | 15019 |

| | | | | | |
|---|---|---|---|---|---|
| **ആകെ** | **7068652** | **1749567** | **2164801** | **543709** | **651731** |